(5)



**പ്രൊഫ. രുഗ്മിണി ഗോപാലകൃഷ്ണൻ**
*റിട്ടയേർഡ്. പ്രിൻസിപ്പാൾ*
*ചെമ്പൈ മെമ്മോറിയൽ ഗവ: മ്യൂസിക് കോളേജ്, പാലക്കാട്.*

# ഗുരു ശിഷ്യ ബന്ധം



ഏതു വിദ്യ അഭ്യസിക്കുന്നതിനും ഒരു ഗുരുവിന്റെ അനുഗ്രഹം അനിവാര്യമാണ്. ഓരോ മേഖലയിലും ആഴത്തിൽ അറിവുള്ളവർ ഏറെയുണ്ടാവും. എന്നാൽ ആ അറിവ് പൂർണ്ണതയോടെ ശിഷ്യന്മാർക്ക് പകർന്നു കൊടുക്കാൻ കഴിവുള്ള ഗുരുക്കന്മാർ വളരെ കുറവായിരിക്കും. ആയതിനാൽ തന്നെ ഒരു യഥാർത്ഥ ഗുരുവിനെ കണ്ടെത്തി വേണം വായ്പ്പാട്ട്, ഉപകരണ സംഗീത വാദ്യങ്ങൾ എന്നിവ അഭ്യസിക്കാൻ തുടങ്ങേണ്ടത്. ഓരോരോ വാദ്യങ്ങൾക്കും അതാതു തരത്തിലുള്ള ചിട്ടയായ രീതിയുണ്ടുതാനും. വീണ എന്ന പ്രാചീന വാദ്യം പഠിക്കുമ്പോൾ പ്രധാനമായും ശ്രദ്ധിക്കേണ്ടത് വിരലുകളുടെ ചലനമാണ്. ആരോഹണ ക്രമത്തിലും അവരോഹണ ക്രമത്തിലും വിരലുകൾ എങ്ങനെ ചലിപ്പിക്കണം എന്നതാണ് പ്രധാനം. ഒരു ഗുരുവിന്റെ ഉത്തരവാദിത്വം കടുത്തതാണ്. ആദ്യം വേണ്ടത് ഒടുങ്ങാത്ത ക്ഷമയാണ്. ഗുരു ശിഷ്യന്മാർ തമ്മിൽ പരസ്പര സ്നേഹം അനിവാര്യമാണ്. ഒരു ശിഷ്യനു വേണ്ടത് ഗുരുവിനോടുള്ള സ്നേഹവും ബഹുമാനവുമാണ്. ഗുരുവിൽ ത്രിമൂർത്തികളും കുടികൊള്ളുന്നു. എത്ര ദോഷം ഉണ്ടെങ്കിലും ഗുരുവിന്റെ അനുഗ്രഹാശിസ്സുകൾ ഉണ്ടെങ്കിൽ അതെല്ലാം മാഞ്ഞു മറഞ്ഞു പോകും. ഒരു ഗുരുവിൽ നിന്ന് ഒരു ദിവസമോ ഒരു മണിക്കൂറോ വിദ്യ പഠിച്ചാലും ആ ഗുരുവിനെ മറക്കാതിരിക്കുന്നതാണ് ഒരു ശിഷ്യന്റെ ശ്രേയസ്സിനെ വർദ്ധിപ്പിക്കുന്ന ഘടകം. ഒരു ഗുരുവിൽ നിന്ന് വിദ്യ സ്വായത്തമാക്കിയ ശേഷവും ഗുരുവിനോടുള്ള ബഹുമാനവും സ്നേഹവും അതേപടി നിലനിർത്തണം. ഗുരു നിന്ദ ചെയ്യുന്നവരെ ദൈവം പോലും ക്ഷമിക്കില്ല. ഗുരു നിന്ദ വാക്കിലും പ്രവൃത്തിയിലും ചെയ്യാൻ പാടില്ല.

"ഗുരു ബ്രഹ്മ ഗുരുർ വിഷ്ണു
ഗുരുർ ദേവോ മഹേശ്വരഃ
ഗുരുർ സാക്ഷാത് പര ബ്രഹ്മം
തസ്മൈ ശ്രീ ഗുരുവേ നമഃ"

ഈ ശ്ലോകം വായിച്ചു മനസ്സിലാക്കിയാൽ ഗുരു നിന്ദ ചെയ്യുകയില്ല. വിദ്യാർത്ഥി ജീവിതം വിലമതിക്കാനാവാത്ത കാലമാണ്.

നമ്മുടെ പ്രവർത്തനത്തിൽ കൃത്യത വേണം. നാം എന്തു ചെയ്താലും മനഃസാക്ഷി അനുസരിച്ച് ചിട്ടയോടുകൂടി ചെയ്യണം. ശിക്ഷണത്തിന്റെ വില നാം മനസ്സിലാക്കണം. സംഗീത പരിപാടികളിൽ പങ്കെടുത്ത് സമ്മാനം നേടുക എന്നുള്ളത് വളരെ സന്തോഷമുള്ള കാര്യമാണ്. പക്ഷെ തനിക്കെല്ലാമറിയാം എന്നഹങ്കരിച്ചാൽ വളർച്ച മുരടിക്കും. അതിരു കവിഞ്ഞ അഹങ്കാരം അവിവേകത്തിന്റെ ലക്ഷണമാണ്. നാം നിസ്സാര നേട്ടങ്ങൾ സ്വയം പെരുപ്പിച്ച് അഹങ്കരിക്കുമ്പോൾ എത്രയോ വലിയ നേട്ടങ്ങളുള്ളവർ വിനയത്തിന്റെ പര്യായമായി ജീവിച്ച് സ്നേഹത്തിന് പാത്രീഭൂതരാകുന്നു. മിഥ്യാഗർവ്വം വിവേകത്തെ നശിപ്പിക്കും. അഹംഭാവം തകർച്ചയുടെ മുന്നോടിയാണ് എന്നുമോർക്കണം.

ഒരു ഗുരു എങ്ങനെയാവണം എന്നതിലും ചിട്ടയുണ്ട്. സ്ഥാനമഹിമ കൊണ്ടുമാത്രം ലഭിക്കുന്ന ബഹുമാനം പലരും തെറ്റിദ്ധരിക്കുന്നു. അതിനുള്ള അർഹത തനിക്കുണ്ടോ എന്ന് ഒട്ടും ചിന്തിക്കുന്നില്ല. സ്ഥാനത്തിന് ചേരുംപടി പെരുമാറുന്നതിനോടൊപ്പം അഹങ്കാരം കൂടാതെ വിനയത്തോടെ സംസാരിക്കാനും ശ്രദ്ധിക്കണം. എല്ലാ ശിഷ്യന്മാരെയും ഒരു പോലെ സ്നേഹിക്കുകയും ആത്മാർത്ഥതയോടെ പഠിപ്പിക്കുകയും വേണം. കൃത്യ നിഷ്ഠയും, സത്യസന്ധതയും, ക്ഷമയും ഒരു ഗുരുവിന് അത്യാവശ്യം വേണ്ടതാണ്. കഴിവു കുറഞ്ഞ ശിഷ്യന്മാരെ കുറ്റപ്പെടുത്താതെ ക്ഷമയോടുകൂടി പല പ്രാവശ്യം പറഞ്ഞു കൊടുത്ത്

അവരെയും നല്ല നിലയ്ക്ക് എത്തിക്കണം. വ്യാസ മഹർഷിയുടെ ജന്മ ദിനമായ കർക്കിടക മാസത്തിലെ ആദ്യ പൗർണ്ണമി ദിവസം ഗുരുക്കന്മാരെ വന്ദിച്ച് അനുഗ്രഹം വാങ്ങിക്കുന്നത് ശിഷ്യന്മാരുടെ ശ്രേയസ്സ് വർദ്ധിപ്പിക്കും.

